# Malayala Manorama

# 10 August 2018

# Aluva: Manappuram, Vavu Bali

## ആലുവയിൽ ബലിതർപ്പണം മുടങ്ങില്ല

ആലുവ● പെരിയാറിലെ ജലനിരപ്പുയർന്നെങ്കിലും ശിവരാത്രി മണപ്പുറത്ത് കർക്കടക അമാവാസിയായ നാളെ പിതൃകർമങ്ങൾ മുടങ്ങില്ല. തർപ്പണത്തിന്റെ ഭാഗമായി പുഴയിൽ മുങ്ങിനിവരുന്നതിനു മാത്രമേ തടസ്സമുണ്ടാകൂ. തോട്ടയ്ക്കാട്ടുകര- മണപ്പുറം റോഡിന്റെ ഇരുവശത്തുമായി ദേവസ്വം ബോർഡ് അൻപതോളം ബലിത്തറകൾ സജ്ജീകരിക്കും. മണപ്പുറത്തു നേരത്തേ ബലിത്തറകൾ ലേലം ചെയ്തവർക്കാണ് ഇവിടെ കർമങ്ങൾ നടത്താൻ അനുമതി നൽകുക. ഈ പുരോഹിതരുടെ പട്ടിക പൊലീസിനു കൈമാറി.

മുകളിലെ ശിവക്ഷേത്രത്തിൽ പുലർച്ചെ മൂന്നരയ്ക്കു മേൽശാന്തി മുല്ലപ്പള്ളി സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ കാർമികത്വത്തിൽ തിലഹവന നമസ്കാരവും മറ്റും ആരംഭിക്കും. ഐതിഹ്യപ്പെരുമയുള്ള ആലുവ മണപ്പുറത്താണ് ഏറ്റവുമധികം ആളുകൾ ബലിതർപ്പണത്തിന് എത്തുന്നത്. ശ്രീനാരായണ ഗുരു




ഇടമലയാർ അണക്കെട്ടു തുറന്നതിനെത്തുടർന്ന് ആലുവ ശിവരാത്രി മണപ്പുറം വെള്ളത്തിൽ